**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ശമ്പളപരിഷ്കരണം 2019 - സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയുടെ റേഷ്യോ പ്രൊമോഷനുള്ള അനുപാതം സൂചിപ്പിക്കുന്ന Footnote ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**ധനകാര്യ (പേ റിവിഷൻ സെൽ-ബി) വകുപ്പ്**

**സ.ഉ.(കൈ) നം. 93/2025/(86)/ധന. തീയതി, തിരുവനന്തപുരം, 17/07/2025**

==========================================================================

**പരാമർശം:-**1) സ.ഉ.(അച്ചടി) നം. 27/2021/ധന. തീയതി 10.02.2021

2) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 28.06.2024 തീയതിയിലെ EB2/41115/DTE നമ്പർ കത്ത്.

3) സ.ഉ(പി)നം. 3000/1998/ധന. തീയതി. 25.11.1998

4) സ.ഉ(പി)നം. 503/2012/ഉ.വി.വ. തീയതി. 12.10.2012

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളവും അലവൻസുകളും 01.07.2019 മുതൽ പരിഷ്കരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഷെഡ്യൂളിനു കീഴിൽ ട്രേഡ് ഇൻസ്ട്രക്ടർ സീനിയർ ഗ്രേഡ്, ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ്-I, ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള അനുപാതം പരാമർശിച്ചിട്ടില്ല. പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള എഴാം ശമ്പളപരിഷ്കരണ ഉത്തരവിൽ ശമ്പളപരിഷ്കരണ ഉത്തരവിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഷെഡ്യൂളിനു കീഴിൽ ട്രേഡ് ഇൻസ്ട്രക്ടർ സീനിയർ ഗ്രേഡ്, ഗ്രേഡ്-I, ഗ്രേഡ് II,

തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള അനുപാതം 1:1:3 എന്ന് പരാമർശിച്ചിരുന്നു. എന്നാൽ പിന്നീട് വന്ന എട്ട്, ഒമ്പത്, പത്ത്, പതിനൊന്ന് ശമ്പളപരിഷ്കരണ ഉത്തരവുകളിൽ പ്രസ്തുത അനുപാതം പരാമർശിച്ചിട്ടില്ല. പരാമർശം (3) ഉത്തരവിൽ നിലവിലുണ്ടായിരുന്ന ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയുടെ റേഷ്യോ പ്രമോഷനുള്ള അനുപാതം പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ സ്പെഷ്യൽ റൂളിൽ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റം പരാമർശിക്കുന്നതിനാലും, പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഏഴാം ശമ്പളപരിഷ്കരണ ഉത്തരവ് വരെ ടി തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റ അനുപാതം 1:1:3 എന്ന് പരാമർശിച്ചിരുന്നതിനാലും, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിലെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഷെഡ്യൂളിനു കീഴിൽ "b The Ratio among Trade Instructor Senior Grade, Grade I and Grade II is 1:1:3" എന്ന footnote ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ ടി ഉത്തരവ് തീയതി മുതൽ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**അഹമ്മദ് കബീർ. വൈ**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം

സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക് പി.എം.യു
വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (**E-2706779**)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ